ആദ്യ രണ്ട് ലെവൽ ടെസ്റ്റിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനാണ് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതുമൂലം പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും durable and sustainable ആയിരിക്കും എന്നുള്ളത് ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 28.533 കോടിയുടെ പദ്ധതികൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. അതിനായുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ, ക്വാളിറ്റി കൺട്രോൾ ലാബ് മാന്വൽ എന്നിവ പ്രസിദ്ധീകരിച്ച് ഗുണനിലവാരം പരിശോധിക്കാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസും ലാബുകളും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എഞ്ചിനീയർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കരാറുകാർക്ക് ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യകത മനസ്സിലാക്കുന്നതിനും കേരളം മുഴുവൻ ആറു സ്ഥലങ്ങളിലായി awareness programme നടത്തി തുടർന്നും ട്രെയിനിംഗ് നൽകുന്നുണ്ട്.

എം.സി. റോഡ് വികസനം

239(3125) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി റോഡ് വികസനം സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാര വിതരണവും പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നല്കുവാനുണ്ട്; ഇവരുടെ നഷ്ടപരിഹാരം എന്ന് കൊടുത്തു തീർക്കും; വിശദമാക്കുമോ;

(സി) എം.സി റോഡിന്റെ വികസനം സംബന്ധിച്ച് ഏതൊക്കെ റീച്ചുകളിലെ പണികളാണ് ഈ വർഷം ആരംഭിച്ചിട്ടുള്ളത് എന്നും ഏതൊക്കെ റീച്ചുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു എന്നും പണികൾ എന്നാരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോകബാങ്ക് ധനസഹായത്തോടെയുള്ള കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ തുടങ്ങുവാൻ കഴിഞ്ഞു. ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ എന്നീ റോഡുകൾ രണ്ട് റീച്ചുകളായി നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം തിരുവല്ല

LIBRARY ARCHIVES Kerala Legislative Assembly

ബൈപ്പാസിന്റെ പണിയും പുരോഗമിച്ചുവരുന്നു. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് നിർമ്മാണം 24-9-2017-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 3-8-2016-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 6-9-2016-ലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 95% ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. 983 പേർക്ക് നഷ്ട പരിഹാരം നൽകാനുണ്ട്. നഷ്ടപരിഹാരം കൈപ്പറ്റുവാൻ കക്ഷികളെ അറിയിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ടി കക്ഷികൾ കെ.എസ്.ടി.പി. മൂവാറ്റുപുഴ ഡിവിഷനുമായി ബന്ധപ്പെടുന്ന മുറയ്ക്ക് നഷ്ട പരിഹാരം കൊടുത്തു തീർക്കുന്നതാണ്.

(സി) ഈ വർഷം (2015) പണികളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡ് നിർമ്മാണം 25-11-2014-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 4-2-2014-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 19-6-2013-ലും ആണ് തുടങ്ങിയത്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇനി റീച്ചുകളൊന്നും ടെണ്ടർ ചെയ്യാനില്ല.

ബി.എം.&ബി.സി. മാതൃകയിൽ റോഡ് നിർമ്മാണം

240(3126) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചുനാട് - താമരക്കുളം റോഡ് ബി.എം.& ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) തട്ടാമ്പലം - മാന്നാർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ നിർമാണപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly